# മാനകമലയാളവും മാപ്പിളപ്പാട്ടിന്റെ ജീവിതവും

ഡോ.വി.ഹിക്മത്തുല്ല
അധ്യാകൻ,പി.എസ്.എം.ഒ. കോളേജ്, തിരൂരങ്ങാടി

മാപ്പിളപ്പാട്ടുകൾ സാഹിത്യചരിത്രത്തിന്റെ ഭാഗമാകാതെ പുറത്തിരിക്കേണ്ടിവന്നപ്പോൾ ഉണ്ടായ പ്രശ്നങ്ങളെന്തൊക്കെയാണ്? അത് മലയാളസാഹിത്യമായി മാറുമ്പോളുണ്ടാകുന്ന പ്രശ്നമെന്താണ്? ഏതായാലും അനവധി സങ്കീർണതകൾക്കു മുകളിലാണ് ഈ ചോദ്യങ്ങൾ രണ്ടും നീളുന്നതെന്നുറപ്പാണ്.

സാഹിത്യം എന്നത് ആധുനികമായ ഒരു സ്ഥാപനമാണ്. ഓരോ ദേശത്തിനും പാരമ്പര്യം സങ്കല്പിക്കാനായി ആവശ്യമെന്ന് തോന്നുന്ന ആഖ്യാനങ്ങൾ ഉൾപ്പെടുത്തി എഴുതപ്പെടുന്നതാണ് സാഹിത്യചരിത്രങ്ങൾ. അതിനാൽ ഇവയ്ക്കെല്ലാംതന്നെ ദേശീയതയുടെ കൂടെ സഞ്ചരിക്കാനുള്ള ബാധ്യതകൂടി വന്നുചേരുന്നു. സാഹിത്യംപോലുള്ള വ്യവഹാരങ്ങളിലൂടെയാണ് ദേശരാഷ്ട്രവും ദേശീയതയുമെല്ലാം ഉണ്ടായിവരുന്നത് എന്നും പറയാം. ഒരു ദേശം ഭാവന ചെയ്യപ്പെടുന്നത് ആ ദേശത്ത് ജീവിക്കുന്ന ആധിപത്യസമൂഹങ്ങളുടെ കാഴ്ചപ്പാടിലൂടെയായിരിക്കും. ചരിത്രമെഴുതാനുള്ള ഉപാദാനങ്ങളായി നാം തെരഞ്ഞെടുക്കുന്നവ അധികാരിവർഗത്തിന്റെ ഭാവനയിലൂടെ രൂപംകൊണ്ടതാണെന്ന് ഹൈഡൻ വൈറ്റ് പറയുന്നുണ്ട്. കേരളത്തിന്റെ ആധുനികീകരണപ്രകിയയിൽ പങ്കുവഹിച്ച സാഹിത്യം ഇങ്ങനെയൊരു അധീശബോധത്തിനകത്തുതന്നെയാണ് നിലനില്ക്കുന്നത്. സാഹിത്യമെന്ന ഈ ആധുനികസംവർഗത്തിന് നിരക്കുന്ന മട്ടിൽ, പഴയ ആഖ്യാനങ്ങളെ മലയാളസാഹിത്യം എന്ന പഠനസാമഗ്രിയായി നാം പുനരാനയിച്ചു.

ഒരു നൂറ്റാണ്ട് മുമ്പെങ്കിലും നിർമിക്കപ്പെട്ടുതുടങ്ങിയ ആധുനികത, നവോത്ഥാനം, ദേശീയബോധം മുതലായ ഭാവനകളിൽ നിന്നാണ്

ഐക്യകേരളം ഉണ്ടായിത്തീരുന്നത്. ഇവയ്ക്ക് സഹായകമായ ആഖ്യാനങ്ങളിൽ പെടുന്ന സാഹിത്യം എന്ന സ്ഥാപനവും ദേശഭാവനകൾക്കനുസരിച്ചാണ് ക്രമീകരിക്കപ്പെട്ടത്. ആയതിനാൽ ദേശചരിത്രത്തെ വിമർശനാത്മകമായി പരിശോധിക്കുമ്പോൾ മാത്രമേ അവഗണിക്കപ്പെട്ട സാഹിത്യമേഖലകളെപ്പറ്റി മനസ്സിലാക്കാൻ തന്നെ സാധിക്കുകയുള്ളൂ.

ഹിന്ദു/മുസ്ലിം, ഉത്തരം/ദക്ഷിണം, ഇന്ത്യ/പാക്കിസ്ഥാൻ തുടങ്ങിയ പലതരം വിഭജനങ്ങൾക്കുമുമ്പുള്ള ഹിന്ദി-ഉർദു സാഹിത്യസംസ്കാരത്തെപ്പറ്റി പഠനം നടത്തിയിട്ടുള്ള ഫ്രാൻസിസ്ക ഒർസീനി എഴുതുന്നു: 'വിവിധ സമുദായങ്ങളുടെ ആവിഷ്കാരങ്ങൾ വളരെ സങ്കീർണമായ ഒന്നാണ്. അതിലേക്ക് പുറമെനിന്നുള്ള കൂട്ടിച്ചേർക്കലുകളും മറ്റു സമുദായങ്ങളുമായുള്ള വിലപേശലുകളും മത്സരിക്കലും എല്ലാം ഉൾച്ചേരുന്നുണ്ട്.'' ആധുനികപൂർവ്വമായ ആവിഷ്കാരങ്ങളെ പുതിയ കാലത്ത് നാം ഉണ്ടാക്കി വെച്ച ദ്വന്ദ്വമാതൃകകളിലൂടെ നോക്കിക്കാണാനാവില്ല എന്നർഥം. സമുദായങ്ങൾ കലഹിച്ചും സ്നേഹിച്ചും ഉണ്ടാക്കിയെടുത്ത ഇടപാടുകളിലൂടെയാണ് യഥാർഥത്തിൽ 'ഇന്ത്യൻ സംസ്കാരം' രൂപപ്പെട്ടിട്ടുള്ളത്. അപ്പോൾ സ്വാഭാവികമായും ദേശീയതക്കു മുമ്പുള്ള ഭൂതകാല ആഖ്യാനങ്ങളെ ദേശീയതയുടെ ഭാഷാ-സാഹിത്യ പരികല്പനകളുപയോഗിച്ച്, വരമൊഴി-അച്ചടി സാഹിത്യത്തിന്റെ മാനകങ്ങളുപയോഗിച്ച് വിശദീകരിക്കാനാവുകയില്ല. മാപ്പിളപ്പാട്ടുകളെ മനസ്സിലാക്കാൻ ഇത്തരം ദേശീയ അളവുകോലുകൾ തീർത്തും അപര്യാപ്തമാണ്.

മാപ്പിളമാർ പൊതുവെ മാതൃഭാഷയായ മലയാളത്തോട് വിമുഖത പുലർത്തിയിരുന്നു എന്നവാദം പരമ്പരാഗതമായി തുടർന്നുപോരുന്നതാണ്. ഭാഷാശാസ്ത്രപരമായും ചരിത്രപരമായും നിലനില്പില്ലാത്തതാണ് ഈ വാദം. പല മൊഴികളിൽ നിന്ന് മാനക മലയാളത്തിലേക്ക് നാം എത്തിച്ചേരുന്നത് അച്ചടിയുടെ ആവശ്യങ്ങളിലൂടെയാണ്.

മലയാളത്തിലെ ഏതൊരു കവിയോടും കിടപിടിക്കാൻപോന്ന മാപ്പിളക്കവികൾ അറബിലിപി ഉപയോഗിച്ചതു കൊണ്ടാണ് മുഖ്യധാരയിൽ നിന്നും അകറ്റപ്പെട്ടത് എന്ന വാദവും പരിശോധിക്കേണ്ടതാണ്. ഒമ്പതാം നൂറ്റാണ്ടിൽ രൂപപ്പെട്ട് ഇരുപതാം നൂറ്റാണ്ടിന്റെ പകുതി വരെ കേരളത്തിൽ നിലനിന്ന ലിപിയാണ് അറബിമലയാളം. ദക്ഷിണേന്ത്യയിൽ ദ്രാവിഡഭാഷകളെഴുതാൻ വട്ടെഴുത്തും സംസ്കൃതമെഴുതാൻ ബ്രാഹ്മണർ ഗ്രന്ഥലിപിയും ഉപയോഗിച്ചു. പതിനാറാം നൂറ്റാണ്ടുമുതൽ പതിനെട്ടാം നൂറ്റാണ്ടുവരെ സുറിയാനിക്രിസ്ത്യാനികൾ മലയാളം സുറിയാനിയിലെഴുതുന്ന കറസോനി ലിപിയാണ് ഉപയോഗിച്ചിരുന്നത്.

ഗ്രന്ഥലിപിയിൽ വട്ടെഴുത്തിലെ ചില അക്ഷരങ്ങൾ ചേർത്താണ് 13-ാം നൂറ്റാണ്ടോടെ ആര്യ എഴുത്ത് രൂപപ്പെടുന്നത്. ഇതാണ് മലയാള ലിപിയായി മാറിയത്.ആര്യ എഴുത്തിന് വ്യവസ്ഥകൾ കൈവന്ന എഴുത്തച്ഛന്റെ 16-ാം നൂറ്റാണ്ടിൽ മുഹ്യുദ്ദീൻമാലയും മറ്റുമായി അറബി മലയാളസാഹിത്യം ശക്തമായിരുന്നു. മുസ്ലിം-ദലിത് ബഹുജനങ്ങളിൽ സ്വാധീനമുള്ള അറബിമലയാളം വിട്ട് ഹിന്ദു-വരേണ്യന്യൂനപക്ഷത്തിന്റെ സാംസ്കാരികാധിപത്യലിപിയായി നിലനില്ക്കുന്ന ആര്യഎഴുത്തിനോടുള്ള ചെറുത്തുനില്പുകൂടിയായി അറബി മലയാളത്തെ കാണാം. ഇതേ കാലത്തുതന്നെയാണ് ക്രിസ്ത്യാനികൾ സുറിയാനിമലയാളത്തിലേക്കു തിരിയുന്നതെന്നതും ശ്രദ്ധേയമാണ്.

സംസാരഭാഷയുടെ കാര്യത്തിൽ വൈവിധ്യമുള്ള മലയാളങ്ങളും ലിപിയുടെ കാര്യത്തിൽ സമുദായങ്ങൾ സൗകര്യാർത്ഥം പല ലിപികളും ഉപയോഗിച്ച കേരളത്തിൽ പൊതുവായ ഒരു ലിപി ആവശ്യം വരുന്നത് 19-ാം നൂറ്റാണ്ടിന്റെ പകുതിയിൽ അച്ചടി വികസിച്ചതോടെയാണ്. 1890-ൽ തുടങ്ങി 1950-കളോടെയാണ് മലയാളഭാഷയുടെ മാനകീകരണപ്രക്രിയ പൂർത്തിയാകുന്നത്. ഇതിൽ പ്രധാനമായും പങ്കുവഹിച്ചത് തിരുവിതാംകൂറിൽ കേരളവർമ്മ അധ്യക്ഷനായ പാഠപുസ്തകകമ്മിറ്റി (1866), കൊച്ചിയിൽ ഉള്ളൂരിന്റേയും അപ്പൻ തമ്പുരാന്റെയും നേതൃത്വത്തിൽ ഭാഷാ പരിഷ്കരണ കമ്മിറ്റി (1914), എ.ആർ. രാജരാജവർമ്മയുടെ കേരളപാണിനീയം, ശ്രീകണ്ഠേശ്വരത്തിന്റെ ശബ്ദതാരാവലി എന്നിവയാണ്. ഇവയെല്ലാം വരേണ്യ-സംസ്കൃതനിഷ്ഠമായ ഒരു മാനക മലയാളത്തെയാണ് സങ്കല്പിച്ചത്. മലബാർ മേഖലയിലെ മൊഴിവഴക്കങ്ങളേയും മാപ്പിള-ദലിത് സമുദായഭേദങ്ങളേയും തള്ളിക്കളഞ്ഞാണ് മാനകീകരണം സാധിച്ചെടുത്തത്. പുറന്തള്ളപ്പെട്ടവരുടെ ഭാഷയെ ലീലാതിലകം എന്ന വ്യാകരണകൃതി പാമരഭാഷയെന്നു വ്യാഖ്യാനിക്കുന്നുണ്ടല്ലോ. സമാനമായൊരു തിരസ്കാരമാണ് ഇവിടെയും സംഭവിച്ചത്. കൂടുതൽ പുറന്തള്ളപ്പെടാതിരിക്കാൻ എന്തു ചെയ്യണമെന്ന് അക്കാലത്ത് കീഴാളസമുദായങ്ങളിലെ ബുദ്ധിജീവികൾ ആലോചിക്കുന്നുണ്ട്. തങ്ങളുടെ സമുദായങ്ങൾക്കു കൂടി മുഖ്യധാരയിൽ ഇടം ലഭിക്കണമെങ്കിൽ വരേണ്യമലയാളത്തിലേക്ക് പരിവർത്തനപ്പെടണമെന്നാണ് അവർ കണ്ടെത്തിയ പരിഹാരം. പണ്ഡിറ്റ് കറുപ്പൻ, മൂലൂർ പത്മനാഭപ്പണിക്കർ, മക്തി തങ്ങൾ തുടങ്ങിയ കീഴാളചിന്തകർ അവരുടെ സാഹിത്യഭാഷയിൽ സംസ്കൃതപദാവലികൾ അധികമായി ഉപയോഗിച്ചത് ഇതിനാലാണെന്ന് മനസ്സിലാക്കാം. മറ്റു ഭാഷാഭേദങ്ങളോ പ്രാദേശികമൊഴികളോ മുഖ്യമായി ഉപയോഗിച്ചിരുന്ന വിഭാഗങ്ങളെ അപരിഷ്കൃതമായി

വിലയിരുത്താൻ തുടങ്ങി. 'മാനകമലയാളപ്രദേശ'ക്കാർ നല്ല മലയാള ക്കാരാണെന്നും വന്നു. അറബിമലയാളത്തിൽ നൂറുശതമാനം സാക്ഷര രായിരുന്ന മുസ്ലിം സ്ത്രീപുരുഷന്മാർ ഈ ഭാഷാക്കലക്കത്തിൽ നിരക്ഷര രായി വ്യാഖ്യാനിക്കപ്പെട്ടു.

മലയാളിയ്ക്കായി പൊതു സാഹിത്യ/ചരിത്രഗവേഷണ പ്രവർത്തന ങ്ങൾ ആരംഭിച്ച എന്ന് നാം കരുതുന്ന 1890-1960 കാലത്ത് സാമുദായിക അവകാശവാദങ്ങളാണ് യഥാർത്ഥത്തിൽ സംഭവിച്ചത്. അതിനാലാണ് പഴയ ലിഖിതങ്ങൾ പരിശോധിക്കുന്നിടത്തും ഈ വിവേചനങ്ങൾ കാണുന്നത്. വട്ടെഴുത്തും ഗ്രന്ഥലിപിയും പഠിച്ചെടുക്കുന്ന ഗവേഷകർക്ക് അറബിമലയാളം മാത്രമായി വഴങ്ങാതിരിക്കുന്നതിന്റെ കാരണമതാണ്. 1885-ൽ ചാക്കീരി അഹമദ്കുട്ടിയുടെ ബദർ പടപ്പാട്ട് മുതൽ മുസ്ലിം എഴുത്തു കാർ മാനക മലയാളത്തിലേക്ക് പ്രവേശിച്ചു. 1884-ൽ മക്തിതങ്ങളുടെ 'കഠോരകുഠാരം' പുറത്തുവന്നതോടെ ആധുനിക മലയാളലിപിയും മുസ്ലികൾ സ്വീകരിച്ചുതുടങ്ങി. പൊതു മലയാള- മാനകീകരണം നടക്കു ന്ന ആദ്യഘട്ടത്തിൽതന്നെ മുസ്ലിങ്ങൾ അതിൽ പങ്കെടുത്തു എന്നാണിത് കാണിക്കുന്നത്. 1884-ൽ കഠോരകുഠാരമാണ് മലയാളലിപിയിലെ ഒരു മുസ്ലിം എഴുത്തുകാരന്റെ ആദ്യ കൃതി എന്നു പലരും പറയാറുണ്ട്. 'മുസ്ലിങ്ങൾ മലയാളലിപിയിലേക്കെത്താൻ വളരെ വൈകി' എന്ന പൊതുധാരണ ഉള്ളിലൊളിപ്പിച്ചു കൊണ്ടാണ് ഈ പ്രസ്താവന ഉപയോ ഗിക്കപ്പെടുന്നത്. എന്നാൽ, മലയാളലിപി അച്ചടിയോടെ സാർവത്രിക മായതും എല്ലാ സമുദായങ്ങളും ഈ ലിപിയിലേക്ക് പ്രവേശിക്കുന്നതും ഇതേകാലത്തു തന്നെയാണെന്ന് നമ്മുടെ ഗവേഷകർ മറന്നുപോവുന്നു. 1950-ൽ പോലും കേരളത്തിൽ അമ്പത് ശതമാനം പേർ മാത്രമേ 'പൊതു മലയാള'ത്തിൽ സാക്ഷരത നേടിയിട്ടുള്ളൂ എന്നോർക്കുക.

നമ്മുടെ ലക്ഷണമൊത്ത ആദ്യനോവൽ ഇന്ദുലേഖ (1889) ആയതെ ങ്ങനെയെന്ന് പരിശോധിച്ചാൽ സാഹിത്യചരിത്രത്തിൽ അധികാരം പ്രവർത്തിച്ച വഴികളും മനസ്സിലാവും. ഇതിനു മുമ്പുള്ള കുന്ദലത (1887) മാത്രമേ ലക്ഷണമൊക്കാത്തതായെങ്കിലും നമുക്കു കേട്ടുപരിചയമുള്ളൂ. 1840-ൽ ജോസഫ് പിറ്റിന്റെ തീർഥാടകപുരോഗതി, 1878-ൽ മിസിസ് കോളിൻസിന്റെ ഘാതകവധം, 1882 ൽ ആർച്ച്ഡിക്കൻ കോശിയുടെ പുല്ലേലിക്കുഞ്ചു, 1883-ൽ മുഹ്യിദ്ദീൻബ്നു മാഹിന്റെ ചാർദർവേശ്, 1892-ൽ പോത്തേരി കുഞ്ഞമ്പുവിന്റെ സരസ്വതിവിജയം എന്നി ങ്ങനെ ചില നോവലുകൾ കഴിഞ്ഞുപോന്നിട്ടുണ്ട്. തീർത്ഥാടകപുരോ ഗതി, ഘാതകവധം, പുല്ലേലി കുഞ്ചു, സരസ്വതീവിജയം എന്നിവ

കേരളത്തിലെ സവർണവ്യവസ്ഥയെ വെല്ലുവിളിക്കുന്നതും ദലിതരുടെ മതപരിവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്നതുമായ നോവലുകളാണ്. ചാർദർവേശാകട്ടെ അറബിമലയാളത്തിലാണെഴുതപ്പെട്ടത്. 'പ്രദേശ ഭാഷക്കുള്ളിൽ തന്നെ ഓരോ ജാതിക്കും സ്വന്തമായ ഭാഷാവ്യത്യാസങ്ങളുണ്ടായിരുന്ന കാലത്ത് മറ്റു മൊഴിഭേദങ്ങളെ നായർഭാഷയുടെ നിലപാടിൽ നിന്ന് ഏകസ്വരമായി വീക്ഷിക്കുന്നതാണ് ഇന്ദുലേഖ' എന്ന് ഇ.വി രാമകൃഷ്ണൻ നിരീക്ഷിക്കുന്നുണ്ട്. ഭാവികേരളത്തിനു വേണ്ടി പൊതുമലയാളി എന്ന തങ്ങളുടെ ആധുനിക മധ്യവർഗപദവി പ്രഖ്യാപിക്കാൻ കൂടിയാണ് 1889-ൽ ഇന്ദുലേഖ വഴി നായർ സമുദായത്തിന് സാധിച്ചത്. അതിനാൽ 1950-കളോടെ സാഹിത്യചരിത്രം ക്രോഡീകരിക്കുമ്പോൾ മേല്പറഞ്ഞ അഞ്ചു നോവലുകൾ ആഖ്യായികയുടെ നിർദ്ദിഷ്ട ലക്ഷണങ്ങൾ ഒക്കാതെ ചർച്ചകളിൽ നിന്ന് അപ്രത്യക്ഷമായി. മലയാളിയുടെ സാമൂഹിക ചരിത്രത്തെ ശരിയായി മനസ്സിലാക്കാൻ സാധിക്കുന്ന അഞ്ചു നോവലുകളെ കീഴ്ഘേൽ മറിക്കേണ്ടത് നമ്മുടെ സാഹിത്യ/ദേശ ചരിത്രത്തിന് ആവശ്യമായിരുന്നു എന്നർത്ഥം.

കേരളസംസ്കാരത്തെയും പൊതു മലയാളിയെയും നിർണയിക്കുന്ന സ്ഥാപനമായാണ് മലയാളസാഹിത്യം നിലനില്ക്കുന്നത്. ദലിത്-മുസ്ലിം ബഹുജനങ്ങളെ സംബന്ധിച്ച് മലയാളസാഹിത്യം മിക്കവാറും ഒരു അധീശ വ്യവഹാരമായാണ് പ്രവർത്തിച്ചിട്ടുള്ളത്. അതിനാൽതന്നെ തങ്ങളുടേതായ വീക്ഷണത്തിലൂടെ ഈ സാഹിത്യമണ്ഡലത്തെ അഴിച്ചെടുക്കാനുള്ള ശ്രമങ്ങൾ ദലിത്-മുസ്ലിം പക്ഷത്തുനിന്ന് ഉണ്ടാവേണ്ടതുണ്ട്. ഒരു പുതിയ സാഹിത്യവിമർശനപദ്ധതിയായി അത് വികസിക്കുക തന്നെ ചെയ്യണം. ഈ പശ്ചാത്തലം സൂക്ഷ്മമായി ഗ്രഹിച്ചുകൊണ്ടാണ് നാം മാപ്പിളപ്പാട്ടിന്റെ സാംസ്കാരികപരിസരത്തേക്കു പ്രവേശിക്കേണ്ടത്.

ദേശചരിത്രത്തിൽ നിന്ന് കുതറുന്ന സാഹിത്യഭാവന:

മാപ്പിളപ്പാട്ടുകളെ മനസ്സിലാക്കേണ്ടത് എങ്ങനെയാണ് എന്നതാണ് അടുത്തതായി ആലോചിക്കാവുന്ന കാര്യം. അത് ദേശീയമോ പ്രാദേശികമോ ആയ സൗന്ദര്യഭാവനകൾക്കകത്താണോ നിലകൊള്ളുന്നത്. അവയെ നാടൻപാട്ടിന്റെയോ മലയാളകവിതയുടെയോ ഗണത്തിൽ സ്ഥാനപ്പെടുത്തുകയാണോ വേണ്ടത്? ആലാപനവ്യവസ്ഥയോ രചനാവ്യവസ്ഥയോ ഏതാണ് പഠിക്കപ്പെടേണ്ടത്? ഇങ്ങനെ അനവധി ചോദ്യങ്ങൾ നാം അഭിമുഖീകരിക്കുന്നുണ്ട്. സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന മനുഷ്യർക്ക് അറിവു നിഷേധിച്ചുകൊണ്ട് സവർണർ കൈകാര്യം ചെയ്തിരുന്ന വിജ്ഞാനമേഖലകൾ മാപ്പിളമാർ അറബി

മലയാളത്തിൽ തർജമചെയ്ത് ജനകീയമായി പ്രചരിപ്പിച്ചിരുന്നു എന്നത്ശ്രദ്ധിക്കേണ്ടതാണ്.

ഇവിടെ മലയാളഭാഷ എന്നാണ് മാപ്പിളമാർ ഉപയോഗിക്കുന്നത് എന്നത് പ്രധാനമാണ്. വൈദ്യകൃതികളായാലും പ്രണയകാവ്യങ്ങളായാലും അല്ലാഹുവിനെ സ്തുതിച്ചും പ്രവാചകന് സ്വലാത്ത് നേർന്നും പ്രാർഥനകളോടെയാണ് മാപ്പിളമാർ ആരംഭിക്കുക. ജനോപകാരപ്രദമായ വിജ്ഞാനനിർമാണത്തെ ദൈവാരാധനയായിത്തന്നെയാണ് അവർ മനസ്സിലാക്കിയിരുന്നത്. "ഹഖ്തആലാ (അല്ലാഹു) നമ്മൾക്ക് അവന്റെ ഓശാരമായി തന്നിരിക്കുന്ന ആഫിയത്തിനെയും ശിഫാനെയും ആയത് പ്രകാരംതന്നെ അവൻ ചാത്തിരാക്കിയിരിക്കുന്നു. കിലശങ്ങളെയും മരുന്നുകളെയും എന്നതിനോട്ടുകൂടെ രോഗത്തിന് ചികിത്സിക്കേണ്ടിയത് നമ്മൾക്ക് സുന്നത്തായി വന്നിരിക്കുന്നു. അമ്പിയാക്കന്മാരിൽ ചികിത്സകന്റെ ഇൽമ് ഇല്ലാത്തവർ ആരും തന്നെയില്ല. ഒരു രാജ്യത്ത് ഒരു ആളെങ്കിലും ചികിത്സ പഠിക്കേണ്ടത് ഫർള്കിഫാ (സാമൂഹ്യബാധ്യത) ആണെന്നും ആരും പഠിക്കാതെയിരുന്നാൽ എല്ലാവർക്കും ആ കുറ്റം ഇരിക്കും എന്നും ബന്നിരിക്കുന്നു. അപ്പോൾ ഇസ്ലാമായവർക്ക് ചികിത്സ പഠിക്കേണ്ടത് ആവശ്യമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ." (വിഷൂചികചികിത്സ)

ഗ്രീക്ക്-അറബിഭാഷകളിൽനിന്നും പലതരം ചികിത്സാഗ്രന്ഥങ്ങൾ മാപ്പിളമാർ തർജമയിലൂടെ മലയാളത്തിന് പരിചയപ്പെടുത്തുന്നുണ്ട്. വൈവിധ്യമുള്ള ഭാഷാലോകങ്ങളുമായുള്ള മാപ്പിളമാരുടെ സമ്പർക്കം എല്ലാ ദേശീയതാഭാവനകളെയും അപ്രസക്തമാക്കുന്നതായിരുന്നു. ഉദാഹരണത്തിന് കൊട്ടുമുടി പാലോളി അബ്ദുല്ല മുസ്ല്യാർ രചിച്ച ഇലാജുൽ അത്ഫാൽ എന്നും ശിശുചികിത്സാ എന്നും പേരുള്ള കിതാബ് നോക്കാം. "ഫാർസി, ഖിബ്തി, ഗുജറാത്തി, തുർക്കി, കന്നട, മറാത്തി, സംസ്കൃതം, തെലുങ്ക്, ചിങ്കിളി, ഇംഗ്ലീഷ്, ഗോവ, യാവ, ചീന, റഷ്യ, തമിഴ്, കച്ചി ഇങ്ങനെയുള്ള അനേകഭാഷകളിലും അധികം അടിച്ചുനടത്തിയിരിക്കുന്നു. മലയാളം അറബിഎഴുത്തിൽ അങ്ങനെ ഇല്ലാത്തതുകൊണ്ടും ഉള്ളതിൽതന്നെ ചികിത്സ ചുരുക്കമായതുകൊണ്ടും അതിൽ ഇതുവരെ ശിശുക്കളായ പൈതങ്ങൾക്കുള്ള രോഗങ്ങൾക്കു നിദാനങ്ങളോട്ടുകൂടെ ഒരു തർജമനെ ആദ്യം ഉണ്ടാക്കിക്കാണായ്കകൊണ്ടും ആ ശിശുക്കൾക്ക് സ്വന്തമായിട്ട് മുട്ടക്കാക്കപ്പെട്ട ചില ഏടുകളിൽ നിന്നും മറ്റും എടുത്ത് മലൈബാരിയത്തിൽ തർജമകിതാബാക്കി നാം ഉണ്ടാക്കുന്നു."

ഇവിടെ മലയാളംഅറബി എശുത്ത്, മലൈബാരിയത്ത് എന്നിങ്ങനെയാണ് ഈ ലിപിവ്യവസ്ഥയെ വിളിക്കുന്നതെന്നു കാണുക. മലയാളം അറബിയിൽ എഴുതുന്ന വ്യവസ്ഥ എന്നാണ് മലയാളംഅറബിഎഴുത്ത് എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

പൂവാർ മുഹമ്മദ് നൂഹ് മുസ്ല്യാർ (മരണം 1902) രചിച്ച ഫത്ഹുസ്വമദ് എന്ന കൃതിയിൽ ഇങ്ങനെ കാണാം. "ഫലേ ബക ഇൽമുകളീന്നും മലയാംബാശയായ തർജമ ചെയ്ത് അച്ചടിക്കപ്പെട്ടതായ ഫലേ കിതാബുകളെക്കൊണ്ട്...." ഇവിടെ മലയാം ബാശ എന്നാണ് പ്രയോഗം.

ഹോർത്തൂസ് മലബാറിക്കസിൽ ഇട്ടി അച്യുതന്റെ സാക്ഷ്യപത്രത്തിൽ (1675) 'മലയാം പാഴ' എന്നാണ് മലയാളത്തെ വിളിക്കുന്നതെന്ന് സാന്ദർഭികമായി ഓർക്കുക.

ഇതിലൂടെ, മാപ്പിളമാർ പല തരം വിജ്ഞാനലോകങ്ങളിൽ നിന്നുള്ള കൃതികൾ തർജ്ജമ ചെയ്തിരുന്നതായും അന്നത്തെ മലയാളഭാഷയെക്കുറിക്കാൻ 'മലയാളി'കൾ ഉപയോഗിച്ചിരുന്ന മലയാംപാഴ എന്ന അതേ വാക്കാണ് മാപ്പിളമാർ തങ്ങളുടെ ഭാഷയെ വിളിക്കാനുപയോഗിച്ചതെന്നും വ്യക്തമാവുന്നു.

അപ്പോൾ അറബിമലയാളം എന്നത് ഇരുപതാം നൂറ്റാണ്ടുവരെ വിളിക്കപ്പെട്ടിരുന്നില്ല എന്ന് ബോധ്യമായി. ഇങ്ങനെയൊരു വിളിപ്പേര് ഈ ലിപി മറ്റൊരു ഭാഷയാണെന്ന ബോധം ജനിപ്പിക്കാനായി ആധുനിക മലയാള വരേണ്യരാൽ പില്ക്കാലത്ത് അടിച്ചേൽപ്പിക്കപ്പെട്ടതാവാനാണ് സാധ്യത. പിന്നീട് ഇത്തരമൊരു സാഹിത്യലോകം പരിചയപ്പെടുത്താൻവേണ്ടി മാപ്പിള പണ്ഡിതൻമാർക്ക് അറബിമലയാളം എന്ന പേര് ഏറ്റെടുക്കേണ്ടി വന്നതാവാം.

മാപ്പിളപ്പാട്ട് എന്ന പ്രയോഗവും പിന്നീടു വന്നതാണ്. ഹസൻ നെടിയനാട് എഴുതുന്നു. "മാപ്പിളമാരുടെ പാട്ട് എന്ന അർഥത്തിൽ അറബിമലയാളപദ്യവിഭാഗത്തിന് സഫീനപ്പാട്ട് എന്നായിരുന്നു ആദ്യ പേര്. ഇത് കുഞ്ഞായിൻ മുസ്ല്യാരുടെ ( 18-ാം നൂറ്റാണ്ട്) കപ്പപ്പാട്ടുമായുള്ള (കപ്പൽപ്പാട്ട്) പൂർവബന്ധം മുൻനിർത്തി സഫീന (കപ്പൽ ) എന്ന പദത്തെ ആശ്രയിച്ച് ഉണ്ടായതാണ്. പിന്നീട് 1932-ൽ വക്കം അബ്ദുൽ ഖാദർ 'അൽഅമീൻ' പത്രത്തിൽ മാപ്പിളപ്പാട്ടുകൾ എന്ന പേരിൽ ഒരു ലേഖനമെഴുതി. ഇതിനു ശേഷം ആ പദം പ്രചാരത്തിലായി.( മാപ്പിളപ്പാട്ടിന്റെ വേരുകൾ തേടി, പുറം 12, വചനം ബുക്സ്, 2012.)

ഇവിടെയും കരയുമായി ബന്ധപ്പെട്ട വാക്കല്ല ഈ പാട്ടുശാഖയെ വിശേഷിപ്പിക്കാനുപയോഗിച്ചിരുന്നത്.

വിവിധ ഷാനറുകളെ (genre) മുറിച്ചുകടക്കാനുള്ള പ്രവണതയുടെ ഭാഗമാണ് മാപ്പിളമാരുപയോഗിക്കുന്ന ഖിസ്സ എന്ന വാക്ക്.ബദർ, ഉഹദ്, മലപ്പുറം പട എന്നിങ്ങനെ ചരിത്രവിവരണങ്ങളെപ്പോലും മാപ്പിളമാർ ഖിസ്സപ്പാട്ട് എന്നാണ് രേഖപ്പെടുത്തുക.ഖിസ്സ എന്ന വാക്ക് കഥക്കും ചരിത്രത്തിനും ഇടയ്ക്കുള്ള ഒരു സ്ഥലത്തെയാണ് അനുവാചകനു മുന്നിൽ കൊണ്ടുവരുന്നത്. അതേസമയം ചരിത്രം, കഥനം എന്നീ അനുഭവങ്ങളെ അത് ഉൾക്കൊള്ളുകയും ചെയ്യുന്നു. ഇത്തരത്തിൽ പല ഭാഷകളും പല വ്യവഹാരങ്ങളും കലർന്നു ചേരുന്നത് ഒരു ആദർശമായിത്തന്നെയാണ് മാപ്പിളമാർ മനസ്സിലാക്കുന്നത് എന്ന് കാണാം.

മാപ്പിളസാഹിത്യപഠനങ്ങളിൽ പക്ഷേ, മുഖ്യധാരാ മലയാളഭാവനക്ക് പാകപ്പെടുന്ന രേഖീയമായ സാഹിത്യചരിത്രമാണ് സങ്കല്പിക്കപ്പെടുന്നത്.മുഹ്‌യിദ്ദീൻ മാല (1607)മുതൽ തുടങ്ങുന്ന ആ ചരിത്രവും വാമൊഴിയെക്കാൾ വരമൊഴിക്ക് പ്രാധാന്യം കൊടുക്കുന്നു.ചൊല്ലുവഴക്കങ്ങളിൽ.

അറബിത്തമിഴിൽ പഠനം നടത്തിയ ടോർസ്റ്റൺ ഷാഷർ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്. "മുഖ്യധാര, തമിഴ് എന്ന് നിർവ്വചിച്ചു വെച്ചതിനകത്തുള്ളതു മാത്രമേ തമിഴ്‌സാഹിത്യമായി പരിഗണിക്കുന്നുള്ളൂ. അല്ലാത്തവ മുസ്ലിം സാഹിത്യം, ക്രിസ്ത്യൻ സാഹിത്യം എന്ന മട്ടിലാണ് അവതരിപ്പിക്കപ്പെടുന്നത്. ആയതിനാൽ തമിഴ് എന്ന് പറയപ്പെടുന്ന മാനകത്വത്തിലേക്ക് എത്താൻ മറ്റുള്ളവർ കിണഞ്ഞ് പരിശ്രമിക്കുന്നു." (Drowning in the Ocean of Tamil: Islamic texts and the historiography of Tamil Literature, in iterature and nationalist ideology, Ed. Hans Harder, 2010, PP-78) ഇതുപോലെയാണ് ഇരുപതാം നൂറ്റാണ്ടിൽ മലയാളമുഖ്യധാര ഉണ്ടാക്കിവെച്ച മാനദണ്ഡത്തിനനുസരിച്ച് മാപ്പിള കൃതികളെയും ഉൾക്കൊള്ളിക്കാൻ മാപ്പിള ഗവേഷകർ പരിശ്രമിക്കുന്നതെന്ന് ഡോ. ഹുദൈഫറഹ്മാൻ നിരീക്ഷിക്കുന്നു.( പുറം 95, ഹിന്ദിയെക്കണ്ടെത്തൽ: പൊന്നാനിയിലെ സൂഫീ പാട്ടുകൾ, മലയാള വിമർശം, ലക്കം 22 & 23, കാലിക്കറ്റ് യൂനിവേഴ്സിറ്റി 2014)

ആലാപനത്തിനു പ്രാധാന്യമുള്ള തരത്തിലാണ് മാപ്പിളപ്പാട്ട് അതിന്റെ ഘടന സൂക്ഷിക്കുന്നത് എന്നത് മറ്റൊരു സാഹിത്യശാഖയ്ക്കുമില്ലാത്ത ജനകീയത സമ്പാദിച്ചുനല്കുന്നു. അതിരുകൾ മായ്ച്ചുകളയുന്നതും ജനങ്ങളെ ശ്രേണികളായി വിഭജിക്കാത്തതുമായ ഒരു സംസ്കാരത്തെയാണ് ഈ സങ്കരനിലപാട് പ്രതിനിധീകരിക്കുന്നതെന്ന് പറയാം.

കള്ളിത്തുണി, പച്ച ബെൽറ്റ്, മലപ്പുറംകത്തി, കാച്ചി, തട്ടം എന്നിവയെല്ലാം യമനീപാരമ്പര്യത്തിൽനിന്നാണ് മാപ്പിളമാർക്ക് ലഭിച്ചത്.

പതിമൂന്നാം നൂറ്റാണ്ടുമുതലാണ് യമനിലെ ഹള്റമൗത്തിൽ നിന്നുള്ള സയ്യിദുമാരുടെയും മറ്റും യാത്രകൾ തുടങ്ങുന്നത്.പതിനഞ്ചാം നൂറ്റാണ്ടിൽ അവർ മലബാറിൽ സജീവമാകുന്നു. മാപ്പിളമാരുടെ സാംസ്കാരികജീവിതത്തിന്റെ അടയാളങ്ങൾ പലതും ഇങ്ങനെ സമുദ്രാന്തരബന്ധത്തിലൂടെ കൈവന്നതാണ്. തദ്ദേശീയതയും സങ്കരത്വവുമെല്ലാം അതിൽ ഒരു പോലെ ചേർന്നുനിൽക്കുന്നു. ഇസ്ലാമിന്റെ പ്രഭവകേന്ദ്രമായ അറേബ്യയിൽ നിന്നല്ല. യമനും ആഫ്രിക്കൻ സ്വാഹിലി തീരങ്ങളുമെല്ലാം വഴിയാണ് മാപ്പിളമാരും അവരുടെ ചിഹ്നങ്ങളും ഉണ്ടായിത്തീരുന്നത്. ഇന്ത്യ എന്ന് പില്ക്കാലത്ത് വ്യവഹരിക്കപ്പെട്ട കര പശ്ചാത്തലമാക്കിയുള്ള സാംസ്കാരികപ്രവിശ്യയെക്കാൾ മാപ്പിളമാർക്ക് ബന്ധം മൊറോക്കോ മുതൽ കിഴക്കൻതീരമായ സുമാത്ര വരെയുള്ള ഇന്ത്യൻ മഹാസമുദ്രതീരങ്ങളിലെ കച്ചവട ശൃംഖലകളിലെ മുസ്ലിങ്ങളുമായാണ്. ജാവി (അറബി ജാവ) ആർവി (അറബിത്തമിഴ്) മലബാറി (അറബി മലയാളം) തുടങ്ങിയവ ഇത്തരം അറബ് ബന്ധമുള്ള രാജ്യങ്ങളിലെല്ലാമുണ്ട്. 'ആയിരം മസ്അല' പോലുള്ള കൃതികൾ ഇവിടങ്ങളിലെല്ലാം ഒരേ പോലെ കാണുന്നുണ്ടെന്ന് റോണി റിച്ചി എന്ന ഗവേഷകൻ പറയുന്നുണ്ട്. (Ronit Ricci, Islam translated: literature, Conversion, and the Arabic cosmopolis of South and south east asia, university of chicago press.2011)

ഒരേ സാംസ്കാരികധാരയിൽനിന്നുള്ള കൊള്ളക്കൊടുക്കലുകളി1 ലൂടെയും കച്ചവടശൃംഖലകൾ വഴിയും സൂഫികളുടെ യാത്രകൾ നിലനിന്നു.കോഴിക്കോട്ടെ അപ്പവാണിഭ നേർച്ച നടക്കുന്നത് ശൈഖ് മാമുക്കോയയുടെ പേരിലാണല്ലോ. അദ്ദേഹം സുമാത്രയിൽനിന്നു വന്നതാണ്. മമ്പുറം തങ്ങൻമാർ യമനിൽനിന്നു വന്നവരാണ്.അഥവാ കരയിൽനിന്നു കടലിലേക്കല്ല, മറിച്ച് കടലിന്റെ പരിപ്രേക്ഷ്യത്തിലൂടെ കരയിലേക്കുള്ള നോട്ടമാണ് മാപ്പിളപഠനങ്ങൾക്ക് ഇന്ന് ആവശ്യമായിട്ടുള്ളത്. മാപ്പിളമാരുടെ സാഹിത്യഭാവനയും സാംസ്കാരികരൂപങ്ങളും മനസ്സിലാക്കണമെങ്കിൽ ഇത്തരമൊരു സമീപനം കൂടിയേതീരൂ. പതിനെട്ടാം നൂറ്റാണ്ടിൽ കുഞ്ഞായിൻ മുസ്ല്യാർ രചിച്ച കപ്പപ്പാട്ട് പൂർണമായും കടലുമായി ബന്ധപ്പെട്ട മെറ്റഫറുകൾ നിറഞ്ഞതാണ്.

മറ്റൊരു പ്രധാന കാര്യം മാപ്പിളമാരുടെ കാലബോധമാണ്.മുഹ്യിദ്ദീൻമാല മുതൽതന്നെ എല്ലാ മാപ്പിളകൃതികളിലും എഴുത്തുകാരന്റെ പേരും രചനാകാലവുമെല്ലാം കൃത്യമായി രേഖപ്പെടുത്തുന്ന പാരമ്പര്യം കാണാൻ സാധിക്കും.എന്നാൽ കേരളത്തിലെ 'മുഖ്യപാരമ്പര്യ'ത്തിലെ പാട്ടുകളും മറ്റും ഇത്തരം രീതി പിന്തുടരുന്നില്ല. അതിനാൽ നാം രാമചരിതകാരൻ, ലീലാതിലകകാരൻ എന്നിങ്ങനെ ഗ്രന്ഥനാമങ്ങളോട്

ചേർത്താണ് പേര് സൃഷ്ടിക്കുന്നത്. ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ എന്നിവരെക്കുറിച്ചെല്ലാം ഈ ആശയക്കുഴപ്പം നിലനില്ക്കുന്നുണ്ട്. മാപ്പിളകൃതികളിലെ ഈ കാലബോധം ഇസ്ലാമിന്റെയോ വിശാല സമുദ്രബന്ധങ്ങളുടെയോ പാരമ്പര്യത്തിന്റെ ഭാഗമായാണ് മനസ്സിലാക്കേണ്ടത്.പതിനാറാം നൂറ്റാണ്ടിൽ പൊന്നാനിക്കാരൻ ശൈഖ് സൈനുദ്ദീൻ മഖ്ദൂം എഴുതിയ തുഹ്ഫത്തുൽ മുജാഹിദീനിൽ വർഷം, മാസം, ദിവസം എന്നിവ കൃത്യമായി രേഖപ്പെടുത്തിക്കൊണ്ടാണ് ചരിത്രാഖ്യാനം നീങ്ങുന്നത്. ചരിത്രരചനയിലെ അത്ഭുതപ്പെടുത്തുന്ന ഇത്തരമൊരു രീതി തദ്ദേശീയ സമ്പ്രദായത്തിലില്ലാത്തതാണ്. കേരളോല്പത്തി പോലുള്ള കൃതികളിൽ 'പണ്ടു പണ്ട്' എന്നാണല്ലോ കാലബോധം.

പാട്ടിൽ തന്റെ പേര് കവി ഉപയോഗിക്കുന്ന രീതി, ഹിന്ദുസ്ഥാനിയിലെ തുമ്രികളിലും ഖയാലിലും പതിവായി കാണുന്ന ചാപിനെ ഓർമിപ്പിക്കുന്നുവെന്ന് ലളിത ഡു പെറോൺ എഴുതുന്നുണ്ട്.അറേബ്യൻ–പേർഷ്യൻ–ഹിന്ദുസ്ഥാനി കൈവഴികളിലൂടെ മാപ്പിളപ്പാട്ടിലെത്തിച്ചേരുന്ന ഈ രചനാധാര ഒരു വലിയ ശൃംഖലാചരിത്രത്തിന്റെ ഭാഗമാണ്. ഇന്ത്യയിലെ പ്രാദേശികഭാഷകളെയടക്കം സമ്പന്നമാക്കുന്നതിൽ ഈ പാരമ്പര്യം വലിയ പങ്കുവഹിച്ചതായിക്കാണാം.

ആദ്യകാലത്തെ മാപ്പിളപഠനങ്ങൾ, ദേശചരിത്രത്തിൽ ഇടം കണ്ടെത്തുന്നതിനുള്ള അധ്വാനങ്ങളായിരുന്നു. വരേണ്യദേശീയതയ്ക്കകത്ത് അപകർഷമായിപ്പോകുന്ന സമുദായങ്ങൾക്ക്, തങ്ങളുടെ സാംസ്കാരികസമ്പത്തുകളെ ദേശീയതയുടെ ഭാഗമായി സ്ഥാനപ്പെടുത്തേണ്ട നിർബന്ധിതാവസ്ഥ ഉണ്ടാവുമല്ലോ. എന്നാൽ മാപ്പിളകൃതികളിൽ ഉൾച്ചേർന്നിരിക്കുന്ന വിപുലമായ സൗന്ദര്യ-ദാർശനികലോകങ്ങളെ മനസ്സിലാക്കുന്നതിൽ ഈ കാഴ്ചപ്പാട് അപര്യാപ്തമാണ്. ദേശരാഷ്ട്രം മുന്നോട്ടുവെക്കുന്ന തദ്ദേശീയസാഹിത്യം എന്ന സങ്കല്പവും രേഖീയമായി വളർന്നുവരുന്ന സാഹിത്യചരിത്രം എന്ന ആശയവുംവെച്ചുകൊണ്ട് മാപ്പിളപ്പാട്ടുകളെ മനസ്സിലാക്കാനാവില്ല.ഖാളി മുഹമ്മദിന്റെ മുഹ്യിദ്ദീൻ മാല (1607) കുഞ്ഞായിൻ മുസ്ല്യാരുടെ (പതിനെട്ടാം നൂറ്റാണ്ട് ) കപ്പപ്പാട്ട്, നൂൽമദ് ഹ്, നൂൽമാല, ശുജാഇ മൊയ്തു മുസ്ല്യാരുടെ (1869-1919) സഫലമാല, മോയിൻകുട്ടി വൈദ്യരുടെ (1852-1892) സലാസീൽ, സലീഖത്ത്, ഹുസ്നുൽ ജമാൽ, ബദർ ഉഹ്ദ് ബിസ്സപ്പാട്ടുകൾ തുടങ്ങി 1940 വരെയുള്ള മാപ്പിളപ്പാട്ടുകൾ സൂക്ഷ്മമായി പഠിക്കുമ്പോൾ നമുക്ക് ഈ കാര്യം ബോധ്യമാവും.പല ലോകങ്ങളിൽ പല കാലങ്ങളിൽ ഉണ്ടായ ആലോചനകളും ബിംബാവലികളുമാണ് ഇവയിൽ കണ്ടുവരുന്നത്.

ആയതിനാൽ മാപ്പിളപ്പാട്ടുകൾ രണ്ടു കാര്യങ്ങളാണ് ചെയ്യുന്നതെന്ന് പറയാം.

1. വൈവിധ്യമുള്ള സമുദ്രാന്തര ജീവിതവും (Diasporic Life) വൈജ്ഞാനിക-സൗന്ദര്യ ഭാവനകളും കേരളീയപ്രദേശത്തിന് പരിചയപ്പെടുത്തി.
2. തദ്ദേശീയമെന്ന് വ്യവഹരിക്കപ്പെടുന്ന സാഹിത്യസാംസ്കാരികതയെ ഏകശിലാസ്വഭാവത്തിൽനിന്നു മോചിപ്പിച്ച് ബഹുജനങ്ങളുടെ പങ്കാളിത്തമുള്ള പാരമ്പര്യമാക്കിമാറ്റി.

മോയിൻകുട്ടി വൈദ്യരുടെ പാട്ടുകൾക്ക് ചില സവിശേഷതകളുണ്ട്. കേരളത്തിന്റെ ഭാഷാ-സാഹിത്യ-രാഷ്ട്രീയ ചരിത്രത്തെ വൈദ്യരെ മുൻനിർത്തി മനസ്സിലാക്കുമ്പോൾ നമുക്ക് ചില ഉൾത്തെളിച്ചങ്ങൾ കൈവന്നേക്കും. തന്റെ കൃതികളിൽ പേർഷ്യൻ, ഉറുദു, തമിഴ്, കന്നട, തുളു, ജസരി എന്നിവയ്ക്കു പുറമേ സംസ്കൃതവും ഇംഗ്ലീഷുമെല്ലാം വൈദ്യർ ഉപയോഗിച്ചിരുന്നു.

മലപ്പുറം പടപ്പാട്ടിലെ രണ്ടാം ഇശൽ ആരംഭിക്കുന്നത് സംസ്കൃതപദങ്ങളുടെ ബാഹുല്യവുമായാണ്.

"ജഗധരഖണ്ഡാനാം പുരാബീജം
ജനിതരന്യതരാനാം സൃഷ്ടീനാം
ജനക കൃണസ്തനഃ അന്തിയ ദൂതാ പ്രഥമതി സചിവഃ
ജഗുണ നമസ്കരസ്തസ്യ വേദാഃ "

(മനുഷ്യരടക്കം അഖണ്ഡജഗത്തിൽ ആകെയും സൃഷ്ടിപ്പിന് ആദികാരണമായ അന്ത്യദൂതരെയും അദ്ദേഹത്തിന്റെ പ്രഥമസചിവരെ (അബൂബക്കർ) യും ഞാൻ വന്ദിക്കുന്നു.)

ഇനി, വൈദ്യരുപയോഗിക്കുന്ന ഇംഗ്ലീഷ്

"ഭംഗിതത്താൽ മുൽക് നഗരം പിറകെ മകുടപ്പതി ചമയ്ത്ത്
വർക്കു ചുറ്റും തോരണ കെട്ടതിരമതിലും സിദയ് വലിത്ത്
ഭംഗിതപ്പൊൻ പന്തലും നൽ ചിത്തിരക്കാൽ എളുകമത്ത്
ലാമ്പുസേട്ടും ദീപ ചെമ്പക ജൂബ്ബരെതിരാം തിരി കൊളുത്ത് "

(നാട്ടും നഗരവും രാജധാനിയും അലങ്കരിച്ചു. ചുറ്റും തോരണം കെട്ടി. പൊൻ പന്തലിന് ചിത്രക്കാലുകൾ കൊടുത്ത് ഭംഗി കൂട്ടി. വിവിധ തരം അലങ്കാര ദീപങ്ങൾ പ്രകാശിപ്പിച്ചു ). ഇവിടെ വർക്ക്, ലാമ്പ്, ഷേഡ് എന്നീ പദങ്ങൾ കാണാം.

'മൂലപ്പുരാൻ' എന്ന പാട്ടിൽ 'കോടികൾ ലാക്കും എണ്ണം മട്ടിടാത്തൊരുത്തരിന്നേ' എന്ന് കാണാം. ലാക്ക് എന്നത് ലക്ഷം എന്നതിനുള്ള ഇംഗ്ലീഷ്പദമാണ്

1891 ൽ അച്ചടിച്ച 'ഹിജ്റ' യുടെ ആമുഖത്തിൽ ഈ പാട്ടിന്റെ പകർപ്പവകാശം 'രജിസ്റ്റർ' ചെയ്തിരിക്കുന്നു എന്ന് കാണാം. ഒരു ഭാഷയെയും അകറ്റി നിർത്താതെ സംസ്കൃതവും ഇംഗ്ലീഷും ഒരു പോലെ വൈദ്യർ ഉപയോഗിക്കുന്നു.കൂടാതെ മാപ്പിളമാരുടെ രാഷ്ട്രീയ ബോധത്തെ ജ്വലിപ്പിച്ച നേതാക്കളായ വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, മമ്പുറം ഫസൽ തങ്ങൾ എന്നിവരും ഇംഗ്ലീഷിൽ നടത്തിയ കത്തിടപാടുകൾ കണ്ടെടുത്തിട്ടുണ്ട്. മാപ്പിളമാർ ഇംഗ്ലീഷ് ഭാഷയോട് ശത്രുത പുലർത്തിയിരുന്നു എന്ന പൊതുബോധത്തെ ഈ തെളിവുകൾ ചോദ്യം ചെയ്യുന്നുണ്ട് എന്നാണ് പറഞ്ഞുവരുന്നത്.

വൈദ്യരും തീവണ്ടി എന്ന വാക്കും:

മോയിൻകുട്ടിവൈദ്യരുടെ ഒമ്പതാം വയസ്സിലാണ് (1861 മാർച്ച് 12) ബേപ്പൂരിൽ നിന്നും തിരൂരിലേക്കുള്ള കേരളത്തിലെ ആദ്യ തീവണ്ടിപ്പാത വരുന്നത്. വൈകാതെത്തന്നെ ആ വികസനസങ്കല്പത്തോട് വൈദ്യർ പ്രതികരിക്കുന്നത് 'തീവണ്ടിച്ചിന്ത്' എന്ന കവിതയിൽ കാണാം. തീവണ്ടി വെറുമൊരു ഗതാഗതസംവിധാനം മാത്രമായിരുന്നില്ല. പട്ടണങ്ങൾ പരസ്പരം വിനിമയം സാധിച്ച, പത്രപ്രവർത്തനം വ്യാപകമാക്കിയ, ഐക്യകേരളത്തിന്റെ ആദ്യ അങ്കുരങ്ങൾ സാധ്യമാക്കിയ ഈ സംവിധാനം കേരളീയാധുനികതയെ നിർണയിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. നമ്മുടെ സാഹിത്യഭാവനകളിലും ആധുനികതയുടെ രൂപകമായാണ് തീവണ്ടി പ്രവർത്തിച്ചത്. ഇത്തരം സാങ്കേതികവിദ്യകളോടുള്ള മാപ്പിളമാരുടെ സമീപനം നിഷേധാത്മകമായിരുന്നില്ല എന്നതിന് തീവണ്ടിച്ചിന്ത് സാക്ഷിയാണ്.

"മലയാളപ്പതി അതിൽ
അതിശയതീവണ്ടി വന്താർ
മനിതോർ മദമെന്താം
മല കിടുങ്ങിടുന്നു-അയരങ്ങളെന്താം
അലകടൽ ഉരമ്പിടും മസൽ ഉരചിന്താം "

(മലയാള നാട്ടിൽ അതിശയത്തീവണ്ടി വന്നു. മനുഷ്യർക്ക് എന്തൊരാവേശം. മലകിടുക്കുന്ന ബഹളത്തെക്കുറിച്ച് എന്തുപറയാൻ! അല കടൽ ഇരമ്പും പോലെ എന്നു പറയാം)

ഇങ്ങനെയാണ് തീവണ്ടിച്ചിന്ത് ആരംഭിക്കുന്നത്. തീവണ്ടിയുടെ പ്രവർത്തനം, ഗാർഡ്, റെയിൽവേ സ്റ്റേഷൻ, ആളുകൾ കൗതുകത്തോടെ അതിൽ കയറി യാത്രചെയ്യുന്നത്, സിഗ്നൽ, മണിയടിശബ്ദം, ചൂളംവിളി, രാപ്പകൽ നോക്കാതെ ബഹളമുണ്ടാക്കിക്കൊണ്ടു വരുന്ന വണ്ടിയുടെ വരവിലെ തമാശ, സന്ധ്യക്ക് മുഴുവനാളുകളും വണ്ടി കാണാൻ വരുന്നത്, ഫയൽവാനായ ഡ്രൈവർ പൊടി പാറ്റിക്കൊണ്ട് വണ്ടി പറപ്പിക്കുന്നത് തുടങ്ങിയവയെല്ലാം വർണിക്കുന്നുണ്ട്. 1861-ൽ തന്നെ കറുത്തപാറ നാരായണൻ നമ്പൂതിരി എഴുതിയ സംസ്കൃതശ്ലോകത്തിൽ 'ധൂമപ്രകടിത യന്ത്രശകടം' എന്നാണ് തീവണ്ടിയ്ക്ക് സംസ്കൃതം കണ്ടെത്തിയത്. 'ആവിപ്രയോഗശകടം' എന്നും കൊടുങ്ങല്ലൂർക്കളരിയിലെ ഒരു നിമിഷകവിതയിൽ പ്രയോഗിക്കുന്നുണ്ട്. ഇത്തരം സംസ്കൃതപദങ്ങളാണ് പിന്നീട് മലയാളമായി ആധികാരികത നേടാറുള്ളത്. എന്നാൽ, വൈദ്യർ 1861-ൽ തന്നെ 'തീവണ്ടി' എന്ന പുതിയ വാക്ക് മലയാളിക്ക് വേണ്ടി സമ്മാനിച്ചത് നമുക്ക് കാണാം. തീവണ്ടി എന്ന് അക്കാലത്ത് തന്നെ കവിതയിൽ ഉപയോഗിച്ചത് തെളിമലയാളത്തെ ആത്മവിശ്വാസത്തോടെ കണ്ടതിനാലാണെന്ന് മനസ്സിലാക്കാവുന്നതാണ്. കുഞ്ഞിക്കുട്ടൻ തമ്പുരാനും നടുവത്ത് മഹനും കൊച്ചുണ്ണിത്തമ്പുരാനും ഉള്ളൂരും വള്ളത്തോളുമെല്ലാം തീവണ്ടിയെപ്പറ്റി ശ്ലോകങ്ങൾ എഴുതുന്നതിന് വളരെ മുമ്പാണിതെന്നോർക്കണം.

### അച്ചടിയും മാപ്പിളമാരും

കേരളത്തിൽ മലയാളം അച്ചടി വരുന്നത് 1821-ൽ കോട്ടയത്ത് ബെഞ്ചമിൻ ബെയ്‌ലി സി.എം.എസ്. പ്രസ് ആരംഭിക്കുന്നതോടെയാണ്. 1825-ൽ ഈശ്വരപിള്ള വിചാരിപ്പുകാർ തിരുവനന്തപുരത്ത് സ്ഥാപിച്ച അച്ചടിശാലയാണ് കേരളത്തിൽ മലയാളികൾ സ്ഥാപിച്ച ആദ്യ അച്ചടിശാല. 1840-ൽ തന്നെ 'ത്വിബ്ബുന്നബി തർജ്ജമ' അറബിമലയാളത്തിൽ കോഴിക്കോട്ടെ മുഹമ്മദ്ബ്നു അബ്ദുൽഖാദർ മുസ്ല്യാർ ബോംബെയിൽ നിന്ന് അച്ചടിക്കുന്നുണ്ട്. 1856-ൽ തിരൂരങ്ങാടിയിൽ അറബിമലയാളത്തിനായി ലിത്തോ ഹാന്റ്പ്രസ് സ്ഥാപിക്കുന്നു. ഗുണ്ടർട്ടിന്റെ തലശ്ശേരിയിലെ അച്ചുകൂടത്തിൽനിന്ന് പരിശീലനം ലഭിച്ച തിക്കുക്കിൽ കുഞ്ഞഹമ്മദ് 1860-ൽ തലശ്ശേരിയിൽ അറബിമലയാള അച്ചുകൂടം സ്ഥാപിച്ചു. നാദാപുരം വളപട്ടണം പൊന്നാനി, തിരൂരങ്ങാടി, മലപ്പുറം, കോട്ടൂർ, കൊണ്ടോട്ടി, വെന്നിയൂർ, പരപ്പനങ്ങാടി, തിരൂർ, നല്ലളം, കൊടുങ്ങല്ലൂർ, കൊച്ചി, വാളംകുളം, കായംകുളം എന്നിവടങ്ങളിലെല്ലാം തുടർന്ന് അറബിമലയാളമുദ്രണാലയങ്ങൾ സ്ഥാപിക്കപ്പെട്ടു.

1897 ൽ ആദ്യമാസിക ഹിദായത്തുൽ ഇഖ്വാനം 1899 ൽ ആദ്യവാരിക റഫീഖുൽഇസ്ലാമും പുറത്തിറങ്ങുന്നുണ്ട്.

കേരളത്തിൽ മലയാളത്തിൽ അച്ചടിതുടങ്ങുന്ന കാലത്തുതന്നെ അറബിമലയാളവും അച്ചടിയിലേക്കു പ്രവേശിച്ചു. പത്ര-വാരിക, മാസിക തുടങ്ങിയവയെല്ലാം മലയാളത്തിനു സമാന്തരമായി അറബി മലയാളത്തിലും വ്യാപകമായി പ്രചരിച്ചു. മോയിൻകുട്ടി വൈദ്യരുടെ മിക്കകൃതികളും ജീവിതകാലത്തുതന്നെ അച്ചടിക്കപ്പെട്ടുകാണാൻ അദ്ദേഹത്തിന് അവസരമുണ്ടായി. ആധുനികതയുടെയും സമാന്തര വിദ്യാഭ്യാസത്തിന്റേയും രാഷ്ട്രീയപ്രബുദ്ധതയുടെയും ആയുധമായി അച്ചടിയെ അതിന്റെ ആദ്യകാലത്തുതന്നെ കേരളമുസ്ലിങ്ങൾ ഏറ്റെടുത്തു. അതേ സമയം വാമൊഴിയായും പാടിപ്പറയലുകൾ വഴിയും തന്റെ കൃതികൾ ജനകീയാടിത്തറയുള്ള മറ്റൊരു വഴിയിലേക്കും പടർത്തുന്നതിന് വൈദ്യർക്ക് സാധിച്ചു. 20-ാം നൂറ്റാണ്ടിന്റെ പകുതിവരെ ഇത്തരം പാടിപ്പറയലുകൾ സജീവമായി നിലനിന്നിരുന്നു.

### ആദ്യത്തെ കേരളചരിത്രകാവ്യം

മലപ്പുറത്തിന്റെ/കേരളത്തിന്റെ ആദ്യ ജനകീയചരിത്രകാരൻ മോയിൻകുട്ടി വൈദ്യരാണ്. കേരളചരിത്രം പ്രതിപാദിക്കുന്ന ആദ്യകാവ്യമായി മലപ്പുറം പടപ്പാട്ടിന് സ്ഥാനമുണ്ട്. 1720-ൽ മലപ്പുറത്ത് നടന്ന സംഭവത്തെപ്പറ്റി 1883-ലാണ് വൈദ്യർ ഈ കാവ്യം രചിക്കുന്നത്. ചേരമാൻ പെരുമാളിന്റ ഇസ്ലാമാശ്ലേഷം മുതൽ മലപ്പുറം പോരാട്ടം വരെയുള്ള ചരിത്രം ഈ കാവ്യത്തിൽ പ്രതിപാദിക്കുന്നു. പട നടന്ന പൂളക്കമണ്ണിലും മലപ്പുറം പള്ളിയിലും മാസങ്ങളോളം താമസിച്ച് കലാപത്തിൽ വധിക്കപ്പെട്ടവരുടെ കുടുംബാംഗങ്ങളുമായും ദൃക്സാക്ഷികളിൽ നിന്നും കേട്ടറിഞ്ഞ നാട്ടുകാരുമായും നിരന്തരം ഇടപഴകിയാണ് കാവ്യം തയ്യാറാക്കിയത്. എന്നാൽ ഉള്ളൂരിന്റെ ഉമാകേരളമാണ്(1913) കേരളചരിത്രം പ്രതിപാദിക്കുന്ന ആദ്യത്തെ മലയാളകാവ്യമായി ഇപ്പോഴും പരിഗണിക്കുന്നത്.

### വമ്പ്, തിരിപ്പുകൾ

ചാക്യാർഗദ്യം പോലെ ചർച്ച ചെയ്യാവുന്ന ഒന്നാണ് മാപ്പിളസാഹിത്യത്തിലെ വമ്പ് എന്ന താളാത്മകഗദ്യം. മണിപ്രവാളത്തിലെ പദ്യത്തിനിടക്ക് ഗദ്യം കടന്നുവരുന്ന ചമ്പൂരീതിയോടും ഇതിനെ താമതമ്യപ്പെടുത്താം. രംഗകലയിൽ ഉൾപ്പെടുത്താവുന്ന ചേഷ്ടകളോടുകൂടിയാണ്

മാപ്പിളപ്പാട്ടുകൾ പാടിപ്പറയുന്നതിനിടക്ക് വമ്പിനെ അവതരിപ്പിക്കാറുള്ളത്. ഉദാഹരണത്തിന്, ബദർപ്പാട്ടിലെ 57-ാം ഇശൽ ഒരു വമ്പാണ്.

"മുഹമ്മദ് സ്വല്ലല്ലാഹു അലൈഹിലവസല്ലമ അവ്വലുൽ മൗജൂദത്തിന് എളുന്ത് പങ്കജത്താൽ പിനത്തെ ആയത്തുൽ കുബ്റാ കൽപ്പകത്തട്ട് അർശിൻ കീഴാക്കി രാജാക്കൾ ചൂട്ടം തിരുമകുട കവികൈകാലടി നട്ടുക്കൾ പതിച്ചെ വജ്രകുഞ്ചിക്കരുപോൽ ഇരുപ്പതാകെ മൻമന ചെയ്‌വാൻ പണിയും പച്ചകലശത്തിൽ അന്തരകുഴിപോൽ ഈ ഭൂലോകത്തുക്ക് നടുവട്ടമാകും ഉമ്മുൽഖുറാ തലത്തിൽ കുഫ്റിയ്യത്തെ ണ്ടെകട്ടരികൾ വിത്ത് ഊണ്ടി കൊട്ടും കാഫിർ വനക്കായൽ എളുന്ത് ജഹലത്തുൽ അളീം കമ്പരം പടർന്ന്"

എന്നിങ്ങനെ അത് നീണ്ടു പോവുന്നു. തമിഴ് പുലവ പാരമ്പര്യത്തിൽ നിന്നുമാവണം ഈ വമ്പ് മാപ്പിള സാഹിത്യത്തിലേക്കു വന്നത്. കാക്കാരിശ്ശി നാടകം മുതലായ കേരളത്തിലെ നാടോടി-അവതരണകലകളിൽ ഇത്തരം താളാത്മകവും അനുസ്യൂതിയുമായ ഗദ്യം ഉപയോഗിക്കാറുണ്ട്.

തിരിപ്പുകൾ എന്ന പേരിലും വമ്പിനു സമാനമായ ഗദ്യം ഉപയോഗിക്കാറുണ്ട്. സലീഖത്ത് 90-ാമത്തെ ഇശൽ തിരിപ്പുകളാണ്.

"കല കല കലഹമേൽ കുതി കുതി കുതുകുലമാ കാതളം ബട്ടക്കെട്ട് ഇളക്കുവെ ചരചര കയർ പടുവത് കണകണ്ടവേറാ ചിറന്ത് തൊട്ട് അസ്ത്രമേ കൊടി കിതകരി വർണ കജനിജ് നിജ് ഹർദികൊടി ഊടാടി പുറം പുക്ക് കക്കിടമിനു ശുജഓരിൽ."

(കല കലഹത്തിന്റെ കുതുകുലംകൊണ്ട് ആ പടക്കളം കലുങ്ങി. അമ്പയക്കുന്നവരും കുന്തമെറിയുന്നവരും കൊടി വഹിക്കുന്നവരും കക്കിടം പ്രയോഗിക്കുന്ന ധീരൻമാരും കലഹതീക്ഷ്ണതകൂട്ടി). വമ്പ്, തിരിപ്പുകൾ എന്നിവ കേരളത്തിന്റെ സാംസ്കാരികചരിത്രത്തിൽ വളരെ പ്രാധാന്യത്തോടെ പഠിക്കപ്പെടേണ്ടതാണ്. വമ്പ്, തിരിപ്പുകൾ എന്നിവക്കു പുറമെ, കവി, കുതിരത്താളം, വിരുത്തം തുടങ്ങിയ സമാനതകളുള്ള പല ആലാപനമുറകളുമുണ്ട്. അവയൊക്കെയും പുതിയ അന്വേഷണങ്ങൾക്ക് വഴിതുറക്കുന്നവയാണ്